## HADIA CSE Khutba Notes (26.01.2018)

# റിപ്പബ്ലിക്ദിന സന്ദേശം

റിപ്പബ്ലിക് - പൊതുകാര്യം (Public Matter, People's Thing) വാക്കർത്ഥം.
-രാജ്യം പൊതു ഉടമസ്ഥതയിൽ ഉള്ളതാണ്. രാജ്യത്തിന്റെ ഉടമാവകാശം ജനങ്ങൾക്കാണ്. വ്യവസ്ഥാപിതമായി, ദീർഘ ദൃഷ്ടിയോടെ രൂപം കൊടുത്ത ഒരു ഭരണഘടനയായിരിക്കും അവലംബം.
-ആ ഭരണഘടനയിലധിഷ്ഠിതമായ രാജ്യം പ്രഖ്യാപിക്കപ്പെട്ടത് 1950 ജനുവരി 26.
-ബഹുസ്വരത, മതേതരത്വം, ജനാധിപത്യം, വ്യക്തി സ്വാതന്ത്ര്യം, ആരാധന സ്വാതന്ത്ര്യം എന്നിവക്ക് പ്രാമുഖ്യം നൽകുന്ന ഈ മഹത് രാജ്യത്തിന്റെ ഈ മൂല്യങ്ങളെ ഉയർത്തിപ്പിടിക്കാനും അതിന് വേണ്ടി നിലകൊള്ളാനുമുള്ള ആഹ്വാനവും പ്രതിജ്ഞയുമാണ് റിപ്പബ്ലിക് ദിനം കൊണ്ട് ലക്ഷീകരിക്കുന്നത്.

-എന്തൊക്കെ പ്രതിസന്ധിയുണ്ടെങ്കിലും നമ്മുടെ നിലനിൽപ്പിന്റെ ആശ്രയം ഈ ഭരണഘടനയും അതിനെ ഉയർത്തിപ്പിടിക്കുന്ന സംവിധാനങ്ങളുമാണ്.
-സംശയിക്കപ്പെടാവുന്ന നീതിപാലകർക്കിടയിലും, ഇന്ത്യൻ ഫാഷിസം എല്ലാ മേഖലകളിലും പിടിമുറുക്കി എന്ന് വിശ്വസിക്കപ്പെടുമ്പോഴും 'ഹാദിയ' വിഷയത്തിൽ രണ്ട് ദിവസം മുമ്പ് വന്ന, വ്യക്തി സ്വാതന്ത്ര്യത്തേയും മതസ്വാതന്ത്ര്യത്തേയും ഉയർത്തിപ്പിടിക്കുന്ന വിധിയടക്കം, നമ്മെ ഓർമപ്പെടുത്തുന്നത് ഇന്ത്യൻ ഭരണഘടനയുടെ മഹത്വവും അത് ഉയർത്തിപ്പിടിക്കേണ്ടതിന്റെ ആവശ്യകതയുമാണ്.
-ഇതിലും കലുഷിതമായ, കൂടുതൽ മതവർഗീയ മുസ്‌ലിം വിരുദ്ധ സമീപനങ്ങൾ പ്രതീക്ഷിക്കപ്പെട്ടതുമായ ഒരു ഘട്ടത്തിലാണ് ഇന്ത്യയുടെ ദേശീയ നേതാക്കൾ എല്ലാ മതങ്ങൾക്കും പ്രാമുഖ്യം നൽകുന്ന ആരാധന-പ്രചരണ-പഠന അവകാശം നൽകുന്ന ഇന്ത്യക്ക് രൂപം കൊടുത്തത്.
-സ്വാതന്ത്ര്യാനന്തര ഇന്ത്യ കണ്ട ഏറ്റവും ഭീതതമായ ഘട്ടം. ഇന്ത്യാ-പാക് വിഭജനം, ഒരു കോടിയോളം ആളുകൾ കുടിയിറക്കപ്പെടുകയും പത്ത് ലക്ഷത്തോളം ഹിന്ദുക്കളും മുസ്‌ലിംകളും സിഖുകാരും കൊല ചെയ്യപ്പെടുകയും രാജ്യത്തിന്റെ വിവിധ ഇടങ്ങളിൽ വർഗീയ കലാപങ്ങളുണ്ടാകുകയും ചെയ്ത ആ കാലഘട്ടത്തിൽ.
-ഇന്ത്യയിലെ ഏറ്റവും പ്രഗൽഭരായ മുസ്‌ലിം നേതാക്കൾ പോലും ' പുതുതായി രൂപം കൊണ്ട മുസ്‌ലിം പാക്കിസ്ഥാന്റെ പേരിൽ സംശയമുനയിൽ നിന്ന ഘട്ടത്തിലും മുസ്‌ലിം പാക്കിസ്ഥാന് പകരം ഹിന്ദു ഇന്ത്യ ഉണ്ടാക്കാതെ സെക്യുലർ (മതേതര) ഡെമോക്രാറ്റിക് (ജനാധിപത്യ) റിപ്പബ്ലിക് ആയി ഇന്ത്യയെ നിലനിർത്തിയതിന് പിന്നിൽ ഇന്ത്യയുടെ ബഹുസ്വരതയെ ഉൾകൊണ്ട സാംസ്കാരിക ചരിത്ര പാരമ്പര്യമാണ്.
-വർഗീയ കലാപങ്ങളുടെയും വിദ്വേഷ പ്രചരണത്തിന്റെയും നഗ്ന യാഥാർത്ഥ്യങ്ങൾക്കിടയിലും നമ്മൾ മുന്നോട്ട് പോകുന്നത് ഇന്ത്യയെ ഒരു മതേതര റിപ്പബ്ലിക് ആക്കി നിലനിർത്തിയ ബഹുസ്വരതയുടെ ആ പാരമ്പര്യം ഇന്നും നിലനിൽക്കുന്നത് കൊണ്ടാണ്.
-ബഹുസ്വരതയുടെ നിലനിൽപ്പിന് എല്ലാ മതവിഭാഗങ്ങൾക്കുമുള്ള ആരാധനാ സ്വാതന്ത്ര്യം നിലനിൽക്കുന്നതിന് ഏറ്റവും പരിശ്രമിക്കേണ്ടത് നമ്മളാണ്. നമുക്ക് ജീവിതത്തിന്റെ നിഖില മേഖലകളിൽ മതാധ്യാപനങ്ങൾ, മതസ്ഥാപനങ്ങൾ, രീതികൾ, അനുഷ്ഠാനങ്ങൾ തുടങ്ങിയവ ഏറ്റവും അനിവാര്യവും കാണുന്നവരാണ്.
-ഒരു മുസ്‌ലിം എന്ന നിലയിൽ ഇതിന് നാം പരിശ്രമിക്കേണ്ടത് വളരെ ആത്മാർത്ഥമായിട്ട് തന്നെയാണ്. നിഫാഖ് (കാപട്യം) നമുക്കിതിൽ പാടില്ല. പുറത്ത് മതേതരത്വവും സഹിഷ്ണുതയും പറഞ്ഞ് ഉള്ളിൽ വർഗീയത പറയുന്നവരോ പറയേണ്ടവരോ അല്ല നാം.

-നമ്മുടെ പാരമ്പര്യം, മഹത് പണ്ഡിതൻമാർ, സൂഫീ മശാഇഖുമാർ, ഖുർആനും ഹദീസും ഗ്രന്ഥങ്ങളിലൂടെയും അതിലുപരി സ്വജീവിതം കൊണ്ടും വിശദീകരിച്ചവർ എല്ലാം ഒരു ബഹുമത സമൂഹത്തിൽ മനോവീര്യവും സൗഹൃദവുമായ ഇടപഴക്കങ്ങൾ എങ്ങിനെ എന്ന് പഠിപ്പിച്ചവരാണ്.

-മതവിഷയങ്ങളിൽ അണുമണി വിട്ടുവീഴ്ചകൾ പോലും ചെയ്യാതെ സാത്വികരായി ജീവിച്ച മഹത് പണ്ഡിതൻമാരെല്ലാം സൗഹൃദത്തിനും നല്ല ഇടപഴക്കങ്ങൾക്കും വേണ്ടി അനേകം

വാതിലുകൾ തുറന്നിട്ടവരാണ്.

-മമ്പുറം തങ്ങളുടെയും കോന്തു നായരുടെയും ഉമർഖാളിയുടെയും ചോയിയുടെയും മഖ്ദൂമാരും കോഴിക്കാട് ഖാളിമാരും സാമൂതിരി രാജാക്കൻമാരുടെയും സ്വാതന്ത്ര്യസമര ഘട്ടങ്ങളിൽ നേതൃത്വം കൊടുത്തവരുടെയും അവരെയൊക്കെ കണ്ട് വളർന്ന നമ്മുടെ ഗ്രാമങ്ങളിൽ സാധാരണക്കാർക്കിടയിൽ രൂപപ്പെട്ട സൗഹൃദങ്ങളുമെല്ലാം ഇതിന്റെ ഭാഗമാണ്.

-ഏവർക്കും പ്രവേശനം നൽകിയ, ഉച്ചനീചത്വങ്ങൾക്കെതിരെയും ജാതീയതക്കെതിരെയും വിപ്ലവങ്ങൾക്ക് പകരം ജീവിതം കൊണ്ടും ആലിംഗനങ്ങൾകൊണ്ടും ഇടപഴകൽ കൊണ്ടും മാതൃകകൾ തീർത്ത സൂഫീ പർണശാലകൾ.

-ബാബാ ഫരീദ് ഗൻജശ്കർ മഹാനായ പഞ്ചാബി ചിശ്തി സൂഫീവര്യൻ തന്റെ ശിഷ്യൻ ഒരു കത്രിക സമ്മാനിച്ചപ്പോൾ
മുജേ ഖീൻജി ന ദോ മൈ കാട്നേ വാലാ നഹീഹൂ.
മുജേ സൂഈ ദോ മൈ ജോഡ്നേ വാലാഹൂ

ബന്ധങ്ങൾ മുറിക്കുന്ന കത്രികയല്ല ചേർത്ത് വെക്കുന്ന സൂചിയാണ് എനിക്ക് വേണ്ടത് എന്നതാണ് തസ്വവ്വുഫ് ഉൾക്കൊണ്ട സകല പാരമ്പര്യ പണ്ഡിതൻമാരും പഠിപ്പിച്ചത് എത്ര വർഗീയത കൊടികുത്തി വന്നാലും സഹിഷ്ണുതയുടെയും സഹവർത്തിത്വത്തിന്റെയും വഴികൾ നാം തേടണം മറ്റുള്ളവർക്ക് അതിന്റെ വഴികൾ കാണിക്കണം.

-വിദ്വേഷം കൊണ്ടുള്ള വിജയം സ്ഥായിയല്ല.
-വിദ്വേഷം കൊണ്ടുള്ള പ്രതികരണം കൂടുതൽ വിദ്വേഷങ്ങളെ ഉണ്ടാകൂ.
-നന്മകൾ കൊണ്ടു പ്രതികരിക്കുമ്പോഴാണ് ശത്രുതകൾ ഇല്ലാതാവുക.
-വിദ്വേഷവും വർഗീയതയും പ്രചരിപ്പിക്കുന്നവരും അതിൽ നിന്ന അധികാര സാമ്പത്തിക ലാഭം കൊയ്യുന്നവരും ന്യൂനാൽ ന്യൂനപക്ഷമാണ്.
-കൂടുതൽ പേരും അതിന്റെ പ്രചരണങ്ങളിൽ പെട്ടുപോകുന്നവരാണ്.
-നമ്മൾ വിവേകമില്ലാതെ വൈകാരികമായി പ്രതികരിക്കുന്നത് അത്തരക്കാരിൽ ഫാഷിസ്റ്റ് പ്രചരണം രൂഢമൂലമാകുന്നതിനേ സഹായിക്കൂ.
-വർഗീയതയിൽ ഇനിയും പെടാത്ത ഒരു ബഹുപൂരിപക്ഷം ഈ രാജ്യത്തുണ്ട്.
-ഇവിടയാണ് ഇസ്‌ലാം പഠിപ്പിക്കുന്ന പ്രതിവിധികൾ നാം തേടേണ്ടത് ചരിത്രത്തിൽ നിന്ന് പാഠങ്ങൾ സ്വീകരിക്കേണ്ടത്.

ادْفَعْ بِالَّتِي هِيَ أَحْسَنُ

-ഇങ്ങോട്ടുള്ള അധിക്രമങ്ങൾ പോലും അങ്ങോട്ടു വർഗീയമായോ അക്രമാത്മകയോ പെരുമാറാനുള്ള കാരണമല്ല എന്നാണ് ഇസ്‌ലാമികാധ്യാപനം പ്രത്യേകിച്ചും വൈകാരികമായ പ്രതികരണങ്ങളും പ്രതികാര നടപടികളും അക്രമികളിലേക്ക് ഒരിക്കലും എത്താതെ സ്വന്തം പക്ഷത്തേയും മറുപക്ഷത്തേയും നിരപരാധികളെ മാത്രം ബാധിക്കുന്ന നമ്മുടെ സാമൂഹിക ഘടനയിൽ

وَلَا يَجْرِمَنَّكُمْ شَنَآنُ قَوْمٍ أَن صَدُّوكُمْ عَنِ الْمَسْجِدِ الْحَرَامِ أَن تَعْتَدُوا ۘ وَتَعَاوَنُوا عَلَى الْبِرِّ وَالتَّقْوَىٰ ۖ وَلَا تَعَاوَنُوا عَلَى الْإِثْمِ وَالْعُدْوَانِ ۚ وَاتَّقُوا اللَّهَ ۖ إِنَّ اللَّهَ شَدِيدُ الْعِقَابِ

يَا أَيُّهَا الَّذِينَ آمَنُوا كُونُوا قَوَّامِينَ لِلَّهِ شُهَدَاءَ بِالْقِسْطِ ۖ وَلَا يَجْرِمَنَّكُمْ شَنَآنُ قَوْمٍ عَلَىٰ أَلَّا تَعْدِلُوا ۚ اعْدِلُوا هُوَ أَقْرَبُ لِلتَّقْوَىٰ ۖ وَاتَّقُوا اللَّهَ ۚ إِنَّ اللَّهَ خَبِيرٌ بِمَا تَعْمَلُونَ

-ഏറ്റവും മനോഹരമായ ഒരു ഭരണഘടന സംരക്ഷണം നൽകാനുള്ള ഈ രാജ്യത്ത്,
ബഹുപൂരിപക്ഷം വരുന്ന സാധാരണക്കാർ അന്നന്നത്തെ ജീവിതത്തെ നേരിടാൻ പ്രയാസ

# HADIA CSE Khutba Notes (26.01.2018)

## റിപ്പബ്ലിക്ദിന സന്ദേശം

പ്പെടുന്ന, സ്നേഹപൂർവമായ ഇടപഴക്കങ്ങൾ ആഗ്രഹിക്കുന്ന ഈ രാജ്യത്ത് വർഗീയതയെയും ഫാഷിസത്തെയും അകറ്റാൻ ആവശ്യമായ മനുഷ്യജാലികകൾ തീർക്കേണ്ടത് നമ്മുടെ ബാധ്യതയാണ്. നാം ചെയ്യേണ്ട ഓരോ മുസ്‌ലിമിനെയും പഠിപ്പിക്കേണ്ട വളരെ പ്രധാനപ്പെട്ട ചില കാര്യങ്ങൾ.

1. നല്ല സാമൂഹിക ബന്ധങ്ങളും അയൽപക്ക ബന്ദങ്ങളും കാത്ത് സൂക്ഷിക്കുക. മതപരമായ ബാധ്യതയും ഉത്തരവാദിത്വവും അതിൽ കാണുക. നാഥനിൽ നിന്ന് പ്രതിഫല പ്രതീക്ഷയോടെ സത്യസന്ധമായി മത വിശ്വാസികൾക്കിടയിൽ പരസ്പര വിശ്വാസം വളർത്താനും സ്നേഹ ബന്ധങ്ങളുണ്ടാക്കാനും പരസ്പര ബഹുമാനം സൂക്ഷിക്കാനും മാനുഷിക മൂല്യങ്ങൾക്ക് വേണ്ടി ഒന്നിച്ച് നിലനിൽക്കാനും ശ്രമിക്കുക.

2. ഈ രാജ്യത്തിന്റെ നിർമാണ പ്രവർത്തികളിൽ സജീവമായി പങ്കെടുക്കുക. നമ്മുടെ മക്കളെ ഏറ്റവും നല്ല വിദ്യാലയത്തിൽ സാമൂഹിക-രാജ്യ പുരോഗതിക്കുതകുന്ന ജോലികൾ ചെയ്യാവുന്ന തരത്തിൽ പഠിപ്പിക്കുക.

-സാമൂഹിക സേവന ഇബാദത്താണെന്ന് ബോധ്യപ്പെടുത്തുന്നതോടൊപ്പം അതിന് ഏറ്റവും നല്ല അവസരം നൽകുന്ന സിവിൽ സർവീസിന്റെ -പൊതുഭരണത്തിന്റെ ഉന്നത തസ്തികതകൾ മുതൽ- താഴെവരെ എത്താൻ ശ്രമിക്കുക. പൊലീസിലും പട്ടാളത്തിലും പൊതു ജനാരോഗ്യ മേഖലയിലും കാർഷിക മേഖലയിലും വിദ്യാഭ്യാസ പ്രക്രിയകളിലും സജീവമായ പങ്കാളിത്വം നിർവഹിക്കുക.

-രാജ്യത്തിന്റെ പുരോഗതിയിൽ ഭാഗവാക്കുന്നതോടൊപ്പം മറ്റു മതങ്ങളിൽ നിന്നുള്ള സഹോദരങ്ങളോടൊപ്പം ഇടപഴകുമ്പോൾ നീതിയും നേരും നെറിയും നല്ല സ്വഭാവവുമുള്ള ഒരു നല്ല മുസ്‌ലിം ഉദ്യോഗസ്ഥൻ ആത്മാർത്ഥമായി ജനസേവന തൊഴിലിൽ മുഴുകുന്നത് കാണുമ്പോൾ.

-മീഡിയയും വർഗീയ ഫാഷിസ്റ്റുകളും സൃഷ്ടിക്കുന്ന ഇസ്‌ലാമോഫോബിയ മറികടക്കാവുന്ന ഏറ്റവും വലിയ ഇസ്‌ലാമിക പ്രവർത്തനം അതാകും.

3. ഏറ്റവും ഉത്തരവാദിത്വമുള്ള ഒരു പൗരനായി ജീവിക്കുക. (Responsible Citizen)

إن الله يأمركم أن تؤدوا الأمانات إلى أهلها

വൃത്തിയും വെടുപ്പും നിരത്തുകളിൽ അച്ചടക്കത്തോടെ വണ്ടിയോടിക്കുന്നതും പാർക്ക് ചെയ്യുമ്പോൾ തടസ്സങ്ങളില്ലാതെ വെക്കലും ഈ രാജ്യത്തിന്റെ പൊതുമുതൽ സംരക്ഷിക്കലും തുടങ്ങി ഒരു നല്ല പൗരന്റെ എല്ലാ ഗുണങ്ങളും നാം കാണിക്കുക. ലാഇലാഹ ഇല്ലല്ലാഹ് എന്ന വിശ്വാസത്തിന്റെ തേട്ടം നന്മ നിറഞ്ഞ ജീവിതമാണ്.

-ഇത് പറയുമ്പോൾ ചിലർ ഇതിനെ ഭീരുത്വമായി കീഴടങ്ങലായി ചിത്രീകരിക്കും. തെരുവിൽ പ്രതിഷേധം നടത്തി കാലം കഴിക്കുന്നതിനേക്കാൾ ഓരോരുത്തരും അവരവരുടെ മേൻമയും മഹത്വവും സൃഷ്ടിച്ചെടുക്കുന്ന പുതിയകാലത്ത് ഏറ്റവും ക്രിയാത്മകമായ നാടിനും കുടുംബത്തിനും സമൂഹത്തിനും രാജ്യത്തിനും നല്ല സംഭാവനകൾ ചെയ്യാൻ കഴിയുന്ന സജീവമായ ജീവിതം ജീവിക്കുക എന്ന ജിഹാദാണ് നാം ഏറ്റെടുക്കേണ്ടത്. - ഈ റിപബ്ലിക് ദിനത്തിൽ അതിന് പ്രതിജ്ഞയെടുക്കുക.

**ഖുതുബ നോട്ട്സ്**

**HADIA Centre for Social Excellence (CSE)**
Panakkad, Pattarkadavu P.O
Malappuram DT, Kerala -676519
csehadia@gmail.com I www.hadia.in

**For any clarification: 7034227779**

**Visit: www.hadia.in,www.islamonweb.net**

Follow our updates & like us: https://www.facebook.com/HADIACSE/